**ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്', 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' ഭക്ഷ്യ സുരക്ഷാ ക്യാമ്പയിനുമായി കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ**

കോവിഡ്19 പ്രതിസന്ധിയിൽ ഏറ്റവും വലിയ വെല്ലുവിളി നേരിടുന്ന ഭക്ഷ്യസുരക്ഷയിൽ സ്വയം പര്യാപ്തത നേടേണ്ടതിന്റെ പ്രസക്തി വിളിച്ചോതിക്കൊണ്ട് 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്', 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' ഭക്ഷ്യ സുരക്ഷാ ക്യാമ്പയിനുമായി മുന്നിട്ടിറങ്ങിയിരിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ. തൊഴിലുറപ്പിന്റെ സാധ്യത ഉപയോഗപ്പെടുത്തി പുരയിടങ്ങളിൽ ഇടവിള കൃഷിയായി വിവിധ ഇനം വിളകൾ കൃഷി ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്ന നിർദേശമാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ അയൽക്കൂട്ടങ്ങൾക്ക് നൽകിയിരിക്കുന്നത്. മെയ് 4 നാണു ക്യാമ്പയിൻ ആരംഭിച്ചത്. 'ഞാനും എന്റെ അയൽക്കൂട്ടവും കൃഷിയിലേക്ക്' പദ്ധതി ജില്ലയിലെ അയൽക്കൂട്ടങ്ങൾ വഴിയും 'ഞാനും എന്റെ ഊരും കൃഷിയിലേക്ക്' പദ്ധതി ജില്ലയിലെ പട്ടിക വർഗ അയൽക്കൂട്ടങ്ങൾ വഴിയുമാണ് നടപ്പിലാക്കുക.

ജില്ലയിലെ 10,936 അയൽക്കൂട്ടങ്ങളിൽ ആയി 1,7,48,00 അംഗങ്ങൾക്ക് ഈ സമയത്ത് കാർഷിക രംഗത്തേക്ക് വരാൻ സാധിക്കുന്ന സന്ദർഭമാണിതെന്നും തൊഴിലുറപ്പിന്റെ സാധ്യത ഉപയോഗപ്പെടുത്തി പുരയിടങ്ങളിൽ ഇടവിള കൃഷിയായി ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി എന്നിവ കൃഷി ചെയ്യണമെന്നും ഓരോ അയൽക്കൂട്ട അംഗവും വീട്ടിൽ മുരിങ്ങ, കറിവേപ്പില, വാഴ, പപ്പായ എന്നിവ നിർബന്ധമായും നടണമെന്നും അതോടൊപ്പം ഓരോ അയൽക്കൂട്ടത്തിലും കുറഞ്ഞത് ഒരു ജെ.എൽ.ജി. രൂപീകരിക്കണം എന്നും അയൽക്കൂട്ട പ്രദേശത്ത് കുറഞ്ഞത് 50 സെന്റ് സ്ഥലം

കണ്ടെത്തി  പച്ചക്കറി കൃഷി ആരംഭിക്കണമെന്നുമാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ അയൽക്കൂട്ടങ്ങൾക്ക് നൽകിയിരിക്കുന്ന നിർദേശം. ഇതനുസരിച്ചു വിവിധ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷിയും മറ്റും ആരംഭിച്ചു കഴിഞ്ഞു. ഒപ്പം, വിദേശത്തു നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും അടുത്ത ദിവസങ്ങളിൽ തിരിച്ചെത്തുന്ന സഹോദരങ്ങൾക്ക് കൊടുക്കുന്ന ഒരു സ്വീകരണം ആയിരിക്കണം ഭക്ഷ്യസുരക്ഷ എന്ന സന്ദേശം എന്നും കാസറഗോഡ് ജില്ലാമിഷൻ ഓർമപ്പെടുത്തുന്നു.

കാർഷികരംഗത്തെ ഇടപെടൽ ഒരു ജനകീയ ഉത്സവമാക്കി മാറ്റുന്നതിനായി മികച്ച നേതൃത്വം നൽകുന്നതിനുമായി  തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കൃഷി വകുപ്പ്,  കുടുംബശ്രീ എന്നിവയുടെ സാമ്പത്തിക പിന്തുണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണമെന്നും ജില്ലാമിഷൻ ഓർമപ്പെടുത്തുന്നു.  ഓരോ സി.ഡി.എസിനെയും വാട്സാപ്പിലൂടെ അയച്ചു നൽകുന്ന വിവരങ്ങളുടെയും ചിത്രങ്ങളുടെയും അടിസ്ഥാനത്തിൽ നിരന്തരമായി വിലയിരുത്തുകയും ചെയ്യും. സാധ്യമായ സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി, ഭക്ഷ്യസുരക്ഷയിൽ സ്വയം പര്യാപ്തത നേടുവാൻ എല്ലാവരെയും കൃഷിയുടെ പുത്തൻ സംസ്കാരത്തിലേക്ക് കൈപിടിച്ചുയർത്താൻ ശ്രമിക്കുകയാണ് കുടുംബശ്രീ കാസറഗോഡ് ജില്ലാമിഷൻ.